## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3047 — 13/03/2018-ൽ മറുപടിക്ക്

### ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണൽ ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്<br>,, പാറക്കൽ അബ്ദുല്ല<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽ നിന്ന് ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) | പൊന്നാനി, അഴീക്കൽ, കാസർഗോഡ്, ബേപ്പൂർ, വടകര, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലെ മണലാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഈ പ്രക്രിയ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | പൊന്നാനിയിൽ മെസ്സേഴ്സ്. രാജധാനി മിനറൽസിനെ ഏൽപ്പിച്ച് പ്രവർത്തനം ജൂലൈ 17-ൽ തുടങ്ങി. മറ്റു തുറമുഖങ്ങളിൽ മെസ്സേഴ്സ്. കെ.എസ്.എം. ഡി.സി.എൽ വഴി ഘട്ടം ഘട്ടമായി ഈ പദ്ധതി നടപ്പാക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ അഴീക്കൽ തുറമുഖത്തും മണൽ പൂർണ്ണമായി ശുദ്ധീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | ഇതുമൂലം സർക്കാരിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | നിലവിൽ മാന്വൽ ഡ്രഡ്ജിംഗ് നടക്കുന്ന തുറമുഖങ്ങളിൽ നിന്ന് പ്രതിവർഷം 250 കോടി രൂപയുടെ റവന്യൂ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ